"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ് - തിരുവനന്തപുരം ജില്ലാ വികലാംഗക്ഷേമ പ്രിന്റിംഗ് & ബുക്ക് ബൈൻഡിംഗ് വ്യവസായ സഹകരണ സംഘം ലിമിറ്റഡിന് 2025-26 സാമ്പത്തികവർഷത്തേയ്ക്ക് മാത്രം അച്ചടി ജോലികൾ നിർവ്വഹിക്കുന്നതിന് -പ്രത്യേക അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുസംഭരണ ഉപദേശകകാര്യ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.42/2025/PPAD തീയതി,തിരുവനന്തപുരം, 05-06-2025

---

പരാമർശം:-
1. 09/05/2024 - ലെ SPD-സി3/216/2022-SPD നമ്പർ സർക്കുലർ.
2. 10.12.2024 ലെ സ.ഉ.(സാധാ)നം.144/2024/SPD
3. 16/12/2024 - ലെ തിരുവനന്തപുരം ജില്ലാ വികലാംഗക്ഷേമ പ്രിന്റിംഗ് & ബുക്ക് ബൈൻഡിംഗ് വ്യവസായ സഹകരണ സംഘം ലിമിറ്റഡ് സമർപ്പിച്ച നിവേദനം.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയ്ക്കകത്തുള്ള കോർപ്പറേഷനുകൾ, ക്ഷേമനിധി ബോർഡുകൾ, കമ്പനികൾ തുടങ്ങിയവയുടെയും സർക്കാർ വകുപ്പുകളുടെ പരിധിയിൽ വരാത്ത സ്ഥാപനങ്ങളുടെയും അച്ചടിസംബന്ധമായ ഒരു ലക്ഷം രൂപയിൽ കവിയാത്ത വർക്കുകൾ ക്വട്ടേഷൻ നടപടിക്രമങ്ങൾ കൂടാതെ നേരിട്ട് ഏറ്റെടുത്ത് നിർവ്വഹിക്കുന്നതിന് തിരുവനന്തപുരം ജില്ലാ വിഗലാംഗക്ഷേമ പ്രിന്റിംഗ് വ്യവസായ സഹകരണ സംഘം ലിമിറ്റഡിന് ഇളവ് നൽകിക്കൊണ്ട് പരാമർശം രണ്ട് പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ ഇളവ് സർക്കാർ വകുപ്പുകളുടെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾക്ക് ബാധകമല്ല എന്ന നിബന്ധന മൂലം അച്ചടി സംബന്ധമായ വർക്കുകൾ ലഭിക്കുന്നില്ലെന്നും ആയതിനാൽ ആയത് ഒഴിവാക്കി ഉത്തരവ് പുതുക്കി നൽകണമെന്നും തിരുവനന്തപുരം ജില്ലാ വികലാംഗക്ഷേമ പ്രിന്റിംഗ് & ബുക്ക് ബൈൻഡിംഗ് വ്യവസായ സഹകരണ സംഘം ലിമിറ്റഡ് അപേക്ഷ സമർപ്പിച്ചിരുന്നു.

2. അച്ചടി സംബന്ധമായ ജോലികൾ നിർവ്വഹിക്കുന്നതുമായി ബന്ധപ്പെട്ട് കേരള

ഫിനാൻഷ്യൽ കോഡ് രണ്ടാം വാല്യം, Appendix 4, Item No.42-ൽ വ്യവസ്ഥകൾ നില നിൽക്കുന്നുണ്ട്, എല്ലാ സർക്കാർ വകുപ്പുകളുടെയും, സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയം ഭരണ സ്ഥാപനങ്ങൾ കോർപ്പറേഷനുകൾ, യൂണിവേഴ്സിറ്റികൾ, ബോർഡുകൾ തുടങ്ങിയവയുടെയും അച്ചടി സംബന്ധമായ എല്ലാ ജോലികളും അച്ചടി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർക്കാർ പ്രസ്സുകളിൽ മാത്രം ഏൽപ്പിക്കണമെന്നും / സർക്കാർ പ്രസ്സുകളിൽ അച്ചടി നിർവ്വഹിക്കാൻ സാധിക്കാത്ത അച്ചടി ജോലികൾ മാത്രം സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിന്റെ അനുമതിയോടെ മാത്രം സർക്കാരിതര / സ്വകാര്യ പ്രസ്സുകളിൽ അച്ചടിക്കാവുകയുള്ളൂവെന്നും പരാമർശം ഒന്ന് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലാ വികലാംഗക്ഷേമ പ്രിന്റിംഗ് വ്യവസായ സഹകരണ സംഘം ലിമിറ്റഡിന് മാത്രമായി കേരള ഫിനാൻഷ്യൽ കോഡ് രണ്ടാം വാല്യം, Appendix 4, Item No.42-ലെ വ്യവസ്ഥ, പരാമർശം ഒന്ന് സർക്കുലർ എന്നിവയിൽ ഇളവ് അനുവദിച്ച് മാനുഷിക പരിഗണന നൽകി ഒരു പ്രത്യേക കേസായി പരിഗണിച്ചുകൊണ്ട് തിരുവനന്തപുരം ജില്ലയ്ക്കകത്തുള്ള കോർപ്പറേഷനുകൾ, ക്ഷേമനിധി ബോർഡുകൾ, കമ്പനികൾ തുടങ്ങിയ സ്ഥാപനങ്ങളുടെ മാത്രം ഒരു ലക്ഷം രൂപയിൽ കവിയാത്ത അച്ചടി ജോലികൾ, സ്ഥാപനത്തിന്റെ അച്ചടിനിരക്ക് സർക്കാറിന്റെ അച്ചടിസ്ഥാപനങ്ങൾ നൽകുന്ന നിരക്കിനെക്കാൾ അധികരിക്കരുതെന്ന നിബന്ധനയിൽ 2025-26 സാമ്പത്തിക വർഷത്തേയ്ക്ക് മാത്രം നിർവ്വഹിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4. പരാമർശം രണ്ട് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് ബന്ധപ്പെട്ട വകുപ്പ് റദ്ദ് ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SABIN JOSE

ജോയിന്റ് സെക്രട്ടറി

1. പ്രസിഡന്റ്, തിരുവനന്തപുരം ജില്ലാ വികലാംഗക്ഷേമ പ്രിന്റിംഗ് & ബുക്ക് ബൈൻഡിംഗ് വ്യവസായ സഹകരണസംഘം ലിമിറ്റഡ്, TC No.53/825, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പി.ഒ., പാപ്പനംകോട്, തിരുവനന്തപുരം-695019.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

3. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II) ) കേരള, തിരുവനന്തപുരം.
4. പൊതുസംഭരണ ഉപദേശകകാര്യ (എ) വകുപ്പ്
5. വ്യവസായ (ബി) വകുപ്പ്
6. ധനകാര്യ (വിദ്യാഭ്യാസ ബി ) വകുപ്പ്
7. ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ&പി.ആർ.ഡി.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Seetha K M
Date: 05-06-2025 15:58:30

സെക്ഷൻ ഓഫീസർ